©
കേരള സർക്കാർ
Government of Kerala
2020

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2018-20

# കേരള ഗസറ്റ്
# KERALA GAZETTE

## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
## PUBLISHED BY AUTHORITY

വാല്യം 9
Vol. IX

തിരുവനന്തപുരം, ചൊവ്വ
Thiruvananthapuram, Tuesday

2020 മാർച്ച് 3
3rd March 2020

1195 കുംഭം 19
19th Kumbham 1195

1941 ഫാൽഗുനം 13
13th Phalguna 1941

നമ്പർ
No. 9

# PART III

# Police Department

ലേല പരസ്യം

No. R1-3597/2020/PHQ. 2020 ഫെബ്രുവരി 5.

പോലീസ് ആസ്ഥാനത്തെ അധീനതയിൽ ഉള്ളതും തിരുവനന്തപുരം എസ്. എ. പി. ക്യാമ്പ് പരിസരത്ത് സ്ഥിതി ചെയ്യുന്നതുമായ സെൻട്രൽ പോലീസ് വർക്ക്ഷോപ്പിൽ സൂക്ഷിച്ചിരിക്കുന്ന ഡിപ്പാർട്ടുമെന്റിന് ഉപയോഗമില്ലാത്തതും 21 ബാരലുകളിലായി നിറച്ചിരിക്കുന്നതുമായ 4330 ലിറ്റർ വേസ്റ്റ് ഓയിൽ ബാരൽ ഉൾപ്പെടെ 2020 മാർച്ച് 10-ന് വ്യാഴാഴ്ച പകൽ 11 മണിക്ക് സെൻട്രൽ പോലീസ് വർക്ക്ഷോപ്പിൽ വച്ച് പരസ്യമായി ലേലം ചെയ്ത് വിൽക്കുവാൻ തീരുമാനിച്ചിരിക്കുന്നു.

നിരതദ്രവ്യം—₹ 8,500.

ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ലേല സമയത്ത് നേരിട്ട് ഹാജരാകേണ്ടതാണ്. കൂടാതെ ടി സാധനം വാങ്ങിക്കുവാൻ ഉദ്ദേശിക്കുന്ന വ്യക്തികളിൽ നിന്നും മുൻകൂട്ടി മുദ്രവച്ച കവറിൽ ദർഘാസുകൾ സ്വീകരിക്കുന്നതും ആയത് നേരിട്ടോ തപാൽ മാർഗ്ഗമോ 2020 മാർച്ച് 5-ന് വൈകിട്ട് 4 മണിക്ക് മുൻപായി പോലീസ് ആസ്ഥാനത്ത് ലഭിക്കത്തക്ക വിധം അയച്ചുതരേണ്ടതുമാണ്. ദർഘാസിനോടൊപ്പം നിരതദ്രവ്യമായി മേൽപറഞ്ഞിരിക്കുന്ന തുകയ്ക്ക് തുല്യമായ ഡിമാന്റ്ഡ്രാഫ്റ്റ് ഏതെങ്കിലും ദേശസാൽകൃത ബാങ്കിൽനിന്നും സംസ്ഥാന പോലീസ് മേധാവിയുടെ പേരിൽ വാങ്ങി ഉള്ളടക്കം ചെയ്യേണ്ടതാണ്. ടെണ്ടർ ഫോറം ഓഫീസ് പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 10 മണിക്കും വൈകിട്ട് 5 മണിക്കും ഇടയിൽ പോലീസ് ആസ്ഥാനത്തുനിന്നും ലഭിക്കുന്നതാണ്. നിശ്ചിത നിരതദ്രവ്യം ഇല്ലാത്ത ടെണ്ടറുകൾ നിരുപാധികം നിരസിക്കുന്നതാണ്. ടെണ്ടർ കവറിനു മുകളിൽ ''വേസ്റ്റ് ഓയിൽ ലേലത്തിനുള്ള ടെണ്ടർ'' എന്നെഴുതി കവർ സീൽ ചെയ്തിരിക്കണം.

പരസ്യലേലം അവസാനിച്ചാൽ ടെണ്ടറുകൾ തുറക്കുന്നതും ലേലത്തിലോ ടെണ്ടറിലോ ഏതിലാണോ കൂടുതൽ തുക നിർദ്ദേശിക്കുന്നത്/രേഖപ്പെടുത്തിയിരിക്കുന്നത് ആ തുകയ്ക്ക് യുക്തം എന്ന് തോന്നുന്നപക്ഷം വിൽപ്പന ബന്ധപ്പെട്ട ആളിന്റെ പേരിൽ നിശ്ചയിക്കുന്നതും ടിയാൻ ഉടൻതന്നെ ലേലം/ദർഘാസ് തുകയും നികുതിയും ഉൾപ്പെടെയുള്ള തുക (നിരതദ്രവ്യം ഒഴിച്ച്) ലേലസ്ഥലത്ത് വച്ച് അടയ്ക്കേണ്ടതുമാണ്. പോലീസ് ആസ്ഥാനത്തുനിന്നും ഉത്തരവ് ലഭിച്ച് 7 ദിവസത്തിനകം ലേലം/ദർഘാസ് പ്രകാരം ലഭിച്ച സാധനം സ്വന്തം ചിലവിൽ നീക്കം ചെയ്യേണ്ടതാണ്. ലേലത്തിൽ പങ്കെടുത്ത മറ്റുള്ളവരുടെ നിരതദ്രവ്യം ലേലം കഴിഞ്ഞാലുടൻ തന്നെ മടക്കി നൽകുന്നതാണ്.

മേൽപ്പറഞ്ഞ പ്രകാരം ലേലം/ദർഘാസ് കൊണ്ടയാൾ ഈ നിബന്ധനകൾ ലംഘിച്ചാൽ ബന്ധപ്പെട്ടയാളുകളുടെ നിരതദ്രവ്യം സർക്കാരിലേക്ക് മുതൽ കൂട്ടുന്നതും ടി സാധനങ്ങൾ പുനർലേലം ചെയ്യുന്നതും പുനർലേലത്തിൽ സർക്കാരിന് എന്തെങ്കിലും നഷ്ടം ഉണ്ടായാൽ ആയതിന് ആദ്യം ലേലം കൊണ്ടയാൾ ഉത്തരവാദിയായിരിക്കുന്നതുമാണ്. പുനർലേലത്തിൽ മുൻ വിൽപ്പനയേക്കാൾ കൂടുതൽ തുക ലഭിച്ചാൽ ടിയാന് ആയതിന് യാതൊരു അവകാശവും ഉണ്ടായിരിക്കുന്നതല്ല.

ലേലം ചെയ്യുവാൻ ഉദ്ദേശിക്കുന്നതും സെൻട്രൽ വർക്ക് ഷോപ്പിൽ സൂക്ഷിച്ചിരിക്കുന്നതുമായ വേസ്റ്റ് ഓയിൽ, ബാരൽ ഇവ ലേലത്തിനു മുൻപുള്ള 10 പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 10 മണി മുതൽ വൈകുന്നേരം 5 മണിവരെയുള്ള സമയത്ത് തിരുവനന്തപുരം പോലീസ് ആസ്ഥാനത്തെ മോട്ടോർ ട്രാൻസ്പോർട്ട് ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടിന്റെ മുൻകൂർ അനുവാദത്തോടുകൂടി പരിശോധിക്കാവുന്നതാണ്.

യാതൊരു കാരണവും കാണിക്കാതെ ഈ നോട്ടീസിൻ പ്രകാരമുള്ള ലേലം മാറ്റി വെയ്ക്കുന്നതിനും ലേലം/ദർഘാസ് അസ്ഥിരപ്പെടുത്തുന്നതിനും ഉള്ള പൂർണ്ണ അധികാരം സംസ്ഥാന പോലീസ് മേധാവിയിൽ നിക്ഷിപ്തമാണ്.

പോലീസ് ഹെഡ്ക്വാർട്ടേഴ്സ്,
തിരുവനന്തപുരം.

(ഒപ്പ്)
സൂപ്രണ്ട് ഓഫ് പോലീസ്
(For State Police Chief).